## അനുബന്ധം -I

## 12-06-2024 തീയതിയിലെ ശ്രീ. കെ. യു. ജനീഷ് കുമാർ എം.എൽ.എ.-യുടെ ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

1. ഗതാഗതം

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.2 കി.മീ റോഡ് നിർമ്മിക്കുന്നതിനായി 13.70 കോടി രൂപ അനുവദിച്ചു. 3.75 കിലോമീറ്റർ കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ചത് കൂടാതെ 1.5 കിലോമീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ബാക്കിയുള്ള 1.95 കി.മീ. റോഡ് പ്രവൃത്തിയും പൂർത്തീകരിക്കുവാൻ സാധിക്കും.

സൊസൈറ്റിക്കുടിയിൽ മണൽക്കടവ് റോഡിന് കുറുകെ, പാലം, വെള്ളവരക്കുടി റോഡ്, പുതുക്കുടി -മീൻകുത്തികുടി റോഡ്, ഷെഡ്ഡുകുടിയിൽ സാംസ്കാരിക നിലയം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 4 വീൽ ഡ്രൈവ് വാഹനം ഇടമലക്കുടി നിവാസികളുടെ യാത്രാസൗകര്യത്തിനായി ഉപയോഗിച്ചുവരുന്നു.

2. <u>ആരോഗ്യം</u>

ഇടമലക്കുടിയുടെ ആരോഗ്യ സംരക്ഷണം നടപ്പിലാക്കുന്നതിന് ഷെഡ് കുടിയിൽ പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിലേയ്ക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ (PHC) പ്രവർത്തനം മാറ്റിയിട്ടുണ്ട്. ഇവിടെ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാണ്. ഇടമലക്കുടിയിൽ ആരോഗ്യ വകുപ്പ് എല്ലാ മാസവും മെന്റൽ ഹെൽത്ത് ക്ലിനിക്ക് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്, പോഷകാഹാര ബോധവൽക്കരണ ക്ലാസ്സുകൾ, നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് സ്ക്രീനിംഗ് ടെസ്റ്റ്, ത്വക്ക് രോഗ ക്യാമ്പ്, കുഷ്ഠരോഗ നിർണ്ണയ ക്യാമ്പ് തുടങ്ങി വിവിധതരം ക്യാമ്പുകളും നടത്തുന്നുണ്ട്.

ഇടമലക്കുടി നിവാസികൾക്ക് വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യങ്ങളിലേയ്ക്കായി ആരോഗ്യ മിഷന്റെ കീഴിൽ ഒരു ഫോർ വീൽ

ഡ്രൈവ് വാഹനം ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ ആരോഗ്യ കേരളത്തിന് കീഴിൽ വരുന്ന മെഡിക്കൽ യൂണിറ്റ് (മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, നഴ്സ് എന്നിവരടങ്ങുന്ന സംഘം) എല്ലാ മാസവും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ജനനി ജന്മരക്ഷാ പദ്ധതിയുടെ പ്രയോജനം ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ലഭിക്കുന്നുണ്ട്. വർഷകാലത്ത് പോഷകാഹാരവും, ഭക്ഷണവും ഉറപ്പുവരുത്തുക എന്ന പ്രധാന ലക്ഷ്യത്തോടെ ഫുഡ് സപ്പോർട്ട് പദ്ധതി മുഖേന ഭക്ഷ്യ കിറ്റുകളും വിതരണം ചെയ്തുവരുന്നു. കൂടാതെ സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സയും നടപ്പിലാക്കി വരുന്നു.

3. <u>വിദ്യാഭ്യാസം</u>

ഇടമലക്കുടിയിലെ മുഴുവൻ കുട്ടികൾക്കും ഇടമലക്കുടിയിൽ തന്നെ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിനായി ഇടമലക്കുടി ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂൾ, യു.പി. സ്കൂളായി ഉയർത്തി. ഈ സ്കൂളിലെ നാല്പതോളം കുട്ടികൾക്ക് താമസിച്ച് പഠനം നടത്തുന്നതിനായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകളുണ്ട്. ഇതിനുപുറമേ

ഇടമലക്കുടിയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി മൂന്നാറിൽ ഒരു പ്രീമെട്രിക് ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്. ഇടമലക്കുടിയിലെ കുട്ടികൾക്ക് മൂന്നാർ, ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശനത്തിന് പ്രത്യേക പരിഗണനയും നൽകുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടമലക്കുടിയിൽ പ്രവർത്തിച്ചുവരുന്ന പത്ത് അങ്കണവാടികളിൽ പുതുക്കുടി, ഷെഡുകുടി, ഇഡലിപ്പാറക്കുടി, മീൻകുത്തിക്കുടി, മുളകുതറക്കുടി എന്നിവിടങ്ങളിലെ 5 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആണ്ടവൻകുടി, കണ്ടത്തിക്കുടി എന്നിവിടങ്ങളിലെ അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലും, വെള്ളവരക്കുടിയിലെ അങ്കണവാടി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കമ്മിറ്റഡ് സോഷ്യൽ വർക്കർ, എസ്.ടി. പ്രൊമോട്ടർ എന്നിവരുടെയും സേവനം ഇടമലക്കുടിയിൽ ലഭ്യമാകുന്നുണ്ട്. ഇടമലക്കുടിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ മുതൽ എല്ലാ വിദ്യാഭ്യാസ

പദ്ധതികളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ബ്ലോക്ക് റിസോഴ്സ് സെന്ററിൽ (BRC) നിന്നും 4 വോളന്റിയേഴ്സിനെ നിയമിച്ചിട്ടുണ്ട്.

4. <u>വൈദ്യുതി</u>

ഇടമലക്കുടിയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം നടക്കുടി, ഷെഡ്ഡുകുടി എന്നിവിടങ്ങളിലെ വൈദ്യുതീകരണം പൂർത്തീകരിച്ചു. കണ്ടത്തിക്കുടി, അമ്പലപ്പടിക്കുടി, ആണ്ടവൻകുടി എന്നിവിടങ്ങളിലെ വൈദ്യുതീകരണപ്രവർത്തനം, റോഡ് നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് പൂർത്തിയാക്കുന്നതാണ്. അവശേഷിക്കുന്ന 17 കുടികളിൽ (അമ്പലപ്പാറക്കുടി, കവക്കാട്ടുകുടി, പരപ്പയാർകുടി, തെൻപാറ, വെള്ളക്കശംകുടി, ഇരുപ്പുകൽകുടി, കീഴ്‌വളയംപാറക്കുടി, കീഴ്പത്തംകുടി, കൂടല്ലാർകുടി, മീൻകുത്തികുടി, മേൽപ്പത്തംകുടി, മുളകുതറകുടി, നെൻമണൽകുടി, നൂറടിക്കുടി, പാറക്കുടി, പെരുംകടവുകുടി, വെള്ളവരക്കുടി) അനർട്ട് മുഖേന സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

5. <u>ഇന്റർനെറ്റ് കണക്റ്റിവിറ്റി</u>

ഇടമലക്കുടിയിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി 4.37 കോടി രൂപ അനുവദിച്ചു. കേബിൾ വർക്കുകളും ഷെഡ്ഡുകുടിയിലെ ടവറിന്റെ നിർമ്മാണവും പൂർത്തിയാക്കി കണക്റ്റിവിറ്റി ലഭ്യത ഉറപ്പാക്കി. റോഡ് പണി പൂർത്തീകരിക്കുന്നമുറയ്ക്ക് കേപ്പക്കാട്, ഇഡലിപ്പാറക്കുടി, നടുക്കുടി, ഇരുപ്പുകൽകുടി എന്നിവിടങ്ങളിലെ 4 ടവറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ എല്ലാ ഊരുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാകും.

**അനു**ബന്ധം

<u>ചോദ്യം നമ്പർ (*62)-ന്റെ 'എ' പിരിവിന്റെ വിശദമായ മറുപടി</u>

(എ) <u>വിദ്യാഭ്യാസം</u>

<u>സ്കീമുകൾ</u>

1. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി

2. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി - 9, 10 ക്ലാസ്സുകളിൽ

(100% കേന്ദ്രാവിഷ്കൃത പദ്ധതി)

3. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി

4. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി

(കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതി)

5. ഹോസ്റ്റലുകൾ/എം.ആർ.എസ്.-കൾ

6. വിദേശപഠനത്തിനുള്ള ധനസഹായം

7. അന്യസംസ്ഥാന പഠനം

8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി

9. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

10. മെഡിക്കൽ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം

12. ലാപ്‌ടോപ്പ് വിതരണം

13. സാമൂഹ്യപഠന മുറി

14. ഗോത്രബന്ധു പദ്ധതി

15. വിദ്യാവാഹിനി (ഗോത്രസാരഥി) പദ്ധതി

16. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

17. ട്യൂട്ടോറിയൽ ഗ്രാന്റ്

18. ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

19. രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

20. വസ്ത്ര വിതരണം

21. അനാഥരായ കുട്ടികൾക്കുള്ള സഹായം

22. മോഡൽ പ്രീ-സ്കൂളുകളുടെ നടത്തിപ്പ്

## <u>സ്ഥാപനങ്ങൾ</u>

1. മോഡൽ റസിഡൻഷ്യൽ സ്കൂൾ

2. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

3. നഴ്സറി സ്ഥാപനങ്ങൾ

4. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

5. ഉൽപ്പാദന പരിശീലന കേന്ദ്രം

6. വ്യവസായ പരിശീലന കേന്ദ്രം

7. സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ

(ബി) <u>ആരോഗ്യം</u>

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
  ചികിത്സാ ധനസഹായം

- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം

- ആംബുലൻസ് സേവനം
  മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

- ജനനി ജന്മരക്ഷാ പദ്ധതി

- പട്ടികവർഗ്ഗ ദുരിതാശ്വാസനിധി

<u>സ്ഥാപനങ്ങൾ</u>

1. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

2. മിഡ്‌വൈഫറി സെന്റർ

3. ആയൂർവേദ ആശുപത്രി

4. ആയൂർവേദ ഡിസ്പെൻസറികൾ

(സി) <u>സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ</u>

1. അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികൾവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി

2. ഭക്ഷ്യ സഹായ പദ്ധതികൾ

3. കൈത്താങ്ങ്

4. പൂൾഡ് ഫണ്ട് പദ്ധതികൾ

5. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി

6. പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായം

7. കോർപ്പസ് ഫണ്ട് പദ്ധതികൾ

8. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

9. ഊരുകൂട്ടങ്ങൾ

10. പ്രധാനമന്ത്രി ആദി ആദർശ് യോജന

(പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ)

11. ഭവനരഹിതർക്ക് ഭവനം

12. വീടുകളുടെ അറ്റകുറ്റപ്പണി

13. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങളുടെ ധനസഹായം

14. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ

15. ഏറ്റവും പിന്നോക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം

16. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

17. വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)

18. പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം

19. കമ്മ്യൂണിറ്റി കിച്ചൺ

20. ലാൻഡ് ബാങ്ക് പദ്ധതി

21. വംശീയ വൈദ്യൻമാർക്ക് ധനസഹായം

22. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം

23. പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി

24. ഗോത്ര വാത്സല്യ നിധി

25. ആറളം സമഗ്ര പാക്കേജ്

26. ഇന്റർനെറ്റ് കണക്ടിവിറ്റി

27. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി - ആറളം ഫാം പുനരുദ്ധാരണ പാക്കേജ്

28. കേരള ട്രൈബൽ പ്ലസ് പദ്ധതി

29. ഗോത്ര ജീവിക

30. മില്ലറ്റ് വില്ലേജ്

31. സോഷ്യൽ വർക്കർമാർ

32. മിശ്രവിവാഹ ധനസഹായം

33. നമത്ത് വെള്ളാമെ പദ്ധതി

34. ഹരിത രശ്മി

35. ഇടമലക്കുടി സമഗ്ര പാക്കേജ്

36. വനാവകാശ നിയമം നടപ്പിലാക്കൽ

അതിക്രമം തടയൽ നിയമപ്രകാരം ധനസഹായം

37. ഉന്നതി- സംരംഭകത്വം വികസന പരിപാടികയും സ്റ്റാർട്ടപ്പുകളും

(പുതിയ പദ്ധതി)

**അനുബന്ധം:**

<u>ശ്രീ. നജീബ് കാന്തപുരം എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് നൽകിയ വിശദമായ മറുപടി</u>

2011 സെൻസസ് പ്രകാരം മലപ്പുറം ജില്ലയുടെ ജനസംഖ്യ 41.13 ലക്ഷം ആണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ ആരോഗ്യ പരിപാലന രംഗത്ത് നല്ല പരിഗണന നൽകി കൃത്യമായ ഇടപെടലുകൾ കേരള സർക്കാർ നടത്തുന്നുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷന്റെ മാനദണ്ഡമനുസരിച്ചുള്ള മികച്ച ആരോഗ്യ സേവനങ്ങൾ ജില്ലയിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ വഴി ജനങ്ങൾക്ക് നൽകിവരുന്നുണ്ട്.

ആരോഗ്യ കുടുംബക്ഷേമ, ആയുഷ് വകുപ്പുകളിലായി സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ/സ്ഥാപനങ്ങളുള്ള ജില്ലയാണിത്. ആരോഗ്യ വകുപ്പിൽ (ഹെൽത്ത് സർവീസസ് ഡിപ്പാർട്ട്മെന്റ്) മാത്രമായി ആശുപത്രികൾ ഉൾപ്പെടെ 774 ആരോഗ്യകേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത്

നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്, പുതുതായി ആരംഭിച്ച മഞ്ചേരിയിലെ ഗവൺമെന്റ് നേഴ്സിംഗ് കോളേജ്, കോട്ടയ്ക്കലിലുള്ള ആയുർവ്വേദ മെഡിക്കൽ കോളേജ്, നേഴ്സിംഗ് സ്കൂൾ എന്നിവ ഈ ജില്ലയിലുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആയുർവ്വേദ ആശുപത്രികൾ ഉൾപ്പെടെ മൊത്തം 132 ആരോഗ്യസ്ഥാപനങ്ങളും ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ആശുപത്രികൾ ഉൾപ്പെടെ 103 ആരോഗ്യസ്ഥാപനങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യവകുപ്പിന് (ഹെൽത്ത് സർവീസസ് ഡിപ്പാർട്ട്മെന്റ്) കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ

ആരോഗ്യവകുപ്പ് (774)

| | |
|---|---|
| ജനറൽ ആശുപത്രി (ഗവൺമെന്റ് മെഡിക്കൽ കോളേജ്) | - 1 |
| ജില്ലാതല ആശുപത്രി | - 3 |
| താലൂക്ക് ആസ്ഥാന ആശുപത്രി | - 4 |
| താലൂക്ക് ആശുപത്രി | - 3 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ | - 16 |
| കുടുംബാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | - 89 |

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പൊന്നാനി

ജില്ല. ടി.ബി. സെന്റർ, മലപ്പുറം

ടി.ബി. ക്ലിനിക്, പൊന്നാനി

ഡിസ്പെൻസറികൾ/മൊബൈൽ യൂണിറ്റ്/ഹെൽത്ത് ക്ലിനിക്ക് - 6

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ/ജനകീയാരോഗ്യ കേന്ദ്രങ്ങൾ - 589

നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ - 14

നഗര കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ - 46

ആരോഗ്യ വിദ്യാഭ്യാസം (2)

ഗവൺമെന്റ് മെഡിക്കൽ കോളേജ്, പൊന്നാനി

ഗവൺമെന്റ് നേഴ്സിംഗ് കോളേജ്, പൊന്നാനി

ആയുഷ് വകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പ് (132)

ആയുർവ്വേദ ആശുപത്രികൾ - 12

ആയുർവ്വേദ ഡിസ്പെൻസറികൾ - 75

സിദ്ധ ഡിസ്പെൻസറി - 1

ആയുർവ്വേദ സബ്സെന്ററുകൾ - 7

ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ - 34

ഹോളിസ്റ്റിക് സെന്റർ (ആയുഷ് മിഷൻ) - 2

യുനാനി ഡിസ്പെൻസറി ആൻഡ് തെറാപ്പി യൂണിറ്റ് - 1

ഹോമിയോപ്പതി വകുപ്പ് (103)

ഹോമിയോ ആശുപത്രികൾ - 4

ഹോമിയോ ഡിസ്പെൻസറികൾ - 56

എൻ.എച്ച്.എം. ഡിസ്പെൻസറികൾ - 36

എസ്.സി. ഹോമിയോ ഹെൽത്ത് സെന്ററുകൾ - 4

പെരിഫറൽ ഒ.പി. സെന്ററുകൾ - 3

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം (1)

വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ കോളേജ്, കോട്ടയ്ക്കൽ

ഇതിൽ മഞ്ചേരിയിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി (ജനറൽ ആശുപത്രി), പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, 3 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആസ്ഥാന ആശുപത്രികൾ, 3 താലൂക്ക്

ആശുപത്രികൾ, 15 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 4 കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ട്.

HIMS ഡാറ്റ പ്രകാരം മഞ്ചേരി മെഡിക്കൽ കോളേജ് ഉൾപ്പെടെ മലപ്പുറം ജില്ലയിൽ 3160 ബെഡ്ഡുകളാണ് നിലവിലുള്ളത്. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ നിലവിലുള്ളതിനെക്കാളും 150 ബെഡ്ഡുകളോളം അനുവദനീയമാകും. ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആർദ്രം മാനദണ്ഡ പ്രകാരമുള്ള ബെഡ്ഡുകൾ നിലവിലുണ്ട്.

ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും മാത്രമായി ഒരു ആശുപത്രി പൊന്നാനിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ മാത്രം മാസംതോറും 450 മുതൽ 500 വരെ പ്രസവം നടക്കുന്നുണ്ട്. ആവറേജ് ഐ.പി. 140 മുതൽ 150 വരെയും ഒ.പി. 750 മുതൽ 850 വരെയുമാണ്. 400-ഓളം പ്രസവങ്ങൾ മഞ്ചേരി മെഡിക്കൽ കോളേജിലും നടക്കുന്നുണ്ട്. 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ 13765 പ്രസവങ്ങൾ (4534 സിസേറിയനും 9231 സാധാരണ

പ്രസവങ്ങളും ചേർത്ത്) സർക്കാർ ആശുപത്രികളിലായി മലപ്പുറം ജില്ലയിൽ നടന്നിട്ടുണ്ട്. ജില്ലയിൽ ആകെ നടക്കുന്ന പ്രസവങ്ങളിൽ നല്ലൊരു ഭാഗം സർക്കാർ ആശുപത്രികളിലാണ് നടക്കുന്നത്.

ജില്ലയിലെ 17 ആരോഗ്യ സ്ഥാപനങ്ങൾക്ക് NQAS അംഗീകാരം ലഭിച്ചു. (കുടുംബാരോഗ്യ കേന്ദ്രങ്ങളായ തിരുനാവായ, ചാലിയാർ, അമരംമ്പലം, പാണ്ടിക്കാട്, കോട്ടയ്ക്കൽ, ചോക്കാട്, വഴിക്കടവ്, മൊറയൂർ, അത്താണിക്കൽ, ഒഴൂർ, കരുളായി, അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളായ മുമ്മുള്ളി, മംഗലശ്ശേരി, എരവിമംഗലം, ബിയ്യം, പൊന്നാനി, വേട്ടേക്കോട്) ജില്ലയിലെ മേൽപ്പറഞ്ഞ 17 ആരോഗ്യസ്ഥാപനങ്ങൾക്ക് ക്യാഷ് അംഗീകാരവും ലഭിച്ചു.

അഞ്ച് സ്ഥാപനങ്ങൾക്ക് MBFHI അംഗീകാരം ലഭിച്ചു. (ഡബ്ല്യൂ. & സി. പൊന്നാനി, ജില്ലാ ആശുപത്രി - നിലമ്പൂർ, താലൂക്ക് ആശുപത്രി -മലപ്പുറം, ജനറൽ ആശുപത്രി - മഞ്ചേരി, താലൂക്ക് ആശുപത്രി - തിരൂരങ്ങാടി) ഡബ്ല്യൂ. & സി. പൊന്നാനിക്ക് ലക്ഷ്യ അംഗീകാരം ലഭിച്ചു.

581 വിവിധ വിഭാഗം ഡോക്ടർമാരുടെയും മറ്റ് മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടേയും ഉൾപ്പെടെ ആരോഗ്യ വകുപ്പ്

ഡയറക്ട്രേറ്റിന് കീഴിൽ മാത്രമായി 4210 സ്ഥിരം തസ്തികകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ 368 പുതിയ തസ്തികകൾ ആരോഗ്യ സേവന വകുപ്പിൽ മാത്രം സൃഷ്ടിച്ചു.

മഞ്ചേരി ജനറൽ ആശുപത്രിയിൽ (മെഡിക്കൽ കോളേജ്) കാർഡിയോളജി സൂപ്പർ സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നതിനായി കാത്ത് ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. അതിൽ ഡി.എച്ച്.എസ്.-ൽ നിന്നും ഒരു കാർഡിയോളജി ഡോക്ടറുടേയും അതോടൊപ്പം മെഡിക്കൽ കോളേജിൽനിന്നും ഒരു കാർഡിയോളജി വിഭാഗം ഡോക്ടറുടേയും സേവനം ലഭ്യമാക്കിവരുന്നുണ്ട്. 5600 ഇൻവേസീവ് പ്രൊസീജിയറുകൾ ഇതുവരെ നടത്തിയിട്ടുണ്ട്. (ഇലക്ടീവ് ആഞ്ചിയോ പ്ലാസ്റ്റി - 2892, പ്രൈമറി ആഞ്ചിയോ പ്ലാസ്റ്റി - 445, ആഞ്ചിയോഗ്രാം - 2198, പെരിഫറൽ ആഞ്ചിയോ പ്ലാസ്റ്റി - 25, പേസ്മേക്കർ - 10, പി.എ.ജി. - 30).

നാഷണൽ ഹെൽത്ത് മിഷൻ മുഖേന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, മറ്റ് ഡോക്ടർമാർ (193 എണ്ണം), സ്റ്റാഫ് നേഴ്സ് (154 എണ്ണം), ഫാർമസിസ്റ്റ് (39

എണ്ണം), ലാബ് ടെക്നിഷ്യൻ (60 എണ്ണം), മിഡ്‌ലെവൽ സർവ്വീസ് പ്രൊവൈഡർ (എം.എൽ.എസ്.പി. - 461) തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ട 1400-ഓളം ജീവനക്കാരെ ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിയമിച്ച് സേവനം ലഭ്യമാക്കിവരുന്നുണ്ട്.

പൊതുജനാരോഗ്യ രംഗത്ത് ആരോഗ്യ പ്രവർത്തകർക്ക് സഹായവും സഹകരണവും നൽകി വിവിധ സർക്കാർ പദ്ധതികൾ വിജയിപ്പിക്കുന്നതിന് 3185 ആശമാർ ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

നവകേരള കർമ്മ പദ്ധതി - ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 88 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നിശ്ചയിച്ച് ഉത്തരവാകുകയുണ്ടായി. അതിൽ 68 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പൂർണ്ണമായും മാറിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 13.20 കോടി രൂപയാണ് നിർമ്മാണ പ്രവൃത്തികൾക്കായി ആകെ അനുവദിച്ചത്.

ജില്ലയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 15 സി.എച്ച്.സി.-കളെ രണ്ട് ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ബ്ലോക്ക് എഫ്.എച്ച്.സി.-കളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുണ്ട്. 5 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മറ്റ് സ്ഥാപനങ്ങളിൽ പ്രവൃത്തികൾ നടന്നുവരുന്നു. ആയതിന് 5.17 കോടി രൂപയാണ് അനുവദിച്ചത്.

ജില്ലയിൽ 12 നഗരസഭകളിലായി 14 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഒ.പി. വിഭാഗം, ഫാർമസി, ലബോറട്ടറി, എൻ.സി.ഡി. ക്ലിനിക്ക്, കുത്തിവയ്പ്പ്, സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനങ്ങൾ ഉൾപ്പെടെ നൽകി പ്രവർത്തിച്ച് വരുന്നുണ്ട്. മൂന്ന് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ദന്തൽ യൂണിറ്റുകളുടെ സേവനം ലഭ്യമാണ്. പെരിന്തൽമണ്ണയിൽ പീഡിയാട്രിക് ഡോക്ടർമാരുടെ സേവനവും വേട്ടേക്കോട്, മംഗലശ്ശേരി, കൊണ്ടോട്ടി, തിരൂരങ്ങാടി, പരപ്പനങ്ങാടി, താനൂർ എന്നിവിടങ്ങളിൽ ഇ.എൻ.ടി ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്.

314 ആരോഗ്യ ഉപകേന്ദ്രങ്ങളെ മൂന്ന് ഘട്ടങ്ങളിലായി ഉൾപ്പെടുത്തി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി ഉയർത്തുന്നതിന് 21.91 കോടി

രൂപ അനുവദിച്ചു. ഇതിൽ 20 എണ്ണം ഇതിനകം പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നത്.

59 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വൈകിട്ട് 6.00 മണി വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ഡോക്ടറുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്നുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വഴി അനുവദിച്ച 46 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ 36 എണ്ണം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ജില്ലയിൽ 8 പി.പി. യൂണിറ്റ് അടക്കം ആകെ 589 ജനകീയാരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളത്.

മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ പ്രാധാന്യം സർക്കാർ നൽകിവരുന്നുണ്ട്. 5 ജില്ലാ/താലൂക്കുതല ആശുപത്രികളിൽ കിഫ്ബി ധനസഹായത്തോടെ

അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി തയ്യാറാക്കി ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. ജില്ലാ ആശുപത്രി നിലമ്പൂർ (9.38 കോടി രൂപ)
2. ജില്ലാ ആശുപത്രി പെരിന്തൽമണ്ണ (11.89 കോടി രൂപ)
3. താലൂക്ക് ആസ്ഥാന ആശുപത്രി തിരൂരങ്ങാടി (10.423 കോടി രൂപ)
4. താലൂക്ക് ആസ്ഥാന ആശുപത്രി പൊന്നാനി (9.06 കോടി രൂപ)
5. താലൂക്ക് ആസ്ഥാന ആശുപത്രി കൊണ്ടോട്ടി (36.19 കോടി രൂപ)

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ ജില്ലാ ആശുപത്രിയിൽ 33.70 കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. ഊർങ്ങാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നബാർഡ് മുഖേനയുള്ള നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കുറ്റിപ്പുറം താലൂക്ക് ആശുപത്രിക്കായി നബാർഡ് സാമ്പത്തിക സഹായത്തോടുകൂടി 17.85 കോടി രൂപ ചെലവഴിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നവകേരള കർമ്മ പദ്ധതി-ആർദ്രം-2-ന്റെ ഭാഗമായി ജീവിതശൈലി രോഗങ്ങൾ സംബന്ധിച്ച പോപ്പുലേഷൻ ബേയ്സ്ഡ് സ്ക്രീനിംഗിന്റെ (വാർഷിക പരിശോധന) ഭാഗമായി 'ശൈലീ ആപ്പ്' ഉപയോഗിച്ച് ആശാ വർക്കർമാർ ജില്ലയിലെ 30 വയസ്സിന് മുകളിലുള്ള എല്ലാവരുടെയും വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. സ്ക്രീനിംഗ് വഴി ജീവിതശൈലി രോഗം വരാൻ സാധ്യതയുള്ള വ്യക്തികളെ കണ്ടെത്തുകയും അത്തരം ആളുകൾക്ക് തുടർ ചികിത്സ നൽകാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാംഘട്ടം പൂർത്തിയായപ്പോൾ മലപ്പുറം ജില്ലയിലെ 19 ലക്ഷം വ്യക്തികളുടെ പ്രാഥമിക സർവ്വേ നടത്തി രോഗസാധ്യത കണ്ടെത്തിയവരെ തുടർപരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ഫീൽഡ് തലത്തിലും സ്ഥാപനതലത്തിലും ജീവിതശൈലീ രോഗ ക്ലിനിക്കുകൾ നടത്തി രോഗസാധ്യതയുള്ള ആളുകളുടെ ഉയരം, ശരീരഭാരം, ഇടുപ്പിന്റെ അളവ്, രക്തസമ്മർദ്ദം, പഞ്ചസാരയുടെ അളവ് എന്നിവ പരിശോധിക്കുകയും രോഗം കണ്ടെത്തുന്നവർക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ചികിത്സ ഉറപ്പാക്കുകയും

ചെയ്യുന്നു. ഇത്തരത്തിൽ രോഗസാധ്യത കണ്ടെത്തിയ 2.3 ലക്ഷം വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 78585 (34%) പേർക്ക് രക്താതിമർദ്ദവും 10933 (5%) പേർക്ക് പ്രമേഹവും കണ്ടെത്തി. ഇത് കൂടാതെ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി 417642 വയോജനങ്ങളുടെയും 13368 കിടപ്പ് രോഗികളുടെയും 21759 ഹോം ബൗണ്ട് വ്യക്തികളുടെയും ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് തുടർസേവനങ്ങൾ ഉറപ്പാക്കിവരുന്നു.

മലപ്പുറം ജില്ലയിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ 'ആരോഗ്യഭേരി' നല്ലരീതിയിൽ നടന്നുവരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയംപര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

നാഷണൽ ഹെൽത്ത് മിഷൻ ROP 2022-2024 പ്രകാരം ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി 15.14 കോടി രൂപ അനുവദിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ (ECRP-II) ഭാഗമായി മലപ്പുറം ജില്ലയിലെ 7 മേജർ ആശുപത്രികളിൽ പീഡിയാട്രിക് ICU, HDU, നെഗറ്റീവ് പ്രഷർ വാർഡ്, ICU തുടങ്ങിയവ സ്ഥാപിക്കുന്നതിനും ഫീൽഡ് ഹോസ്പിറ്റൽ വിഭാഗത്തിൽ മറ്റ് 2 പ്രധാന ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾക്കുമായി ജില്ലയ്ക്ക് 15.11 കോടി രൂപ അനുവദിക്കുകയും ഇതിൽ മുഴുവൻ സ്ഥാപനങ്ങളുടെയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ജില്ലാ ആശുപത്രി പെരിന്തൽമണ്ണ, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവയിൽ 15 പീഡിയാട്രിക് ഓക്സിജൻ സപ്പോർട്ടഡ് ബെഡ്ഡുകളും 6 HDU ബെഡ്ഡുകളും അനുവദിച്ചു. ജില്ലാ ആശുപത്രി നിലമ്പൂർ 35 ബെഡ്ഡ് നെഗറ്റീവ് പ്രഷർ വാർഡിന് 2.28 കോടി രൂപ അനുവദിച്ചു. താലൂക്ക് ആസ്ഥാന ആശുപത്രി തിരൂരങ്ങാടിയിൽ 8 ബെഡ്ഡ് നെഗറ്റീവ് പ്രഷർ ഐ.സി.യു., നെഗറ്റീവ് പ്രഷർ ഓപ്പറേഷൻ തിയേറ്റർ, ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസൽ യൂണിറ്റ് എന്നിവയും എമർജൻസി ഡിപ്പാർട്ടുമെന്റ്, ഒ.പി.

ബ്ലോക്ക് എന്നിവയുടെ നവീകരണത്തിനുമായി 3.07 കോടി രൂപ അനുവദിച്ചു. ജില്ലാ ആശുപത്രി തിരൂരിൽ 10 ഐ.സി.യു. ബെഡ്ഡുകളും താലൂക്ക് ആസ്ഥാന ആശുപത്രികളായ തിരൂരങ്ങാടി, മലപ്പുറം, താലൂക്കാശുപത്രി കുറ്റിപ്പുറം എന്നിവിടങ്ങളിൽ 5 ഐ.സി.യു. ബെഡ്ഡുകൾ വീതവും അനുവദിച്ചു. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 9 ഫോട്ടോ തെറാപ്പി MNCU ബെഡ്ഡുകളും അനുവദിച്ചു. കാവനൂർ പി.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി 14 ലക്ഷം രൂപ അനുവദിച്ചു. പരപ്പനങ്ങാടി പി.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി 43 ലക്ഷം രൂപ അനുവദിച്ചു. വാളന്തോട് ട്രൈബൽ ഹബ്ബിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് 67.5 ലക്ഷം രൂപ അനുവദിച്ചു. തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 1.5 കോടി രൂപ അനുവദിച്ചു. ചാത്തല്ലൂർ എഫ്.എച്ച്.സി.-യിൽ 30 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 9 കോടി രൂപ അധികമായി അനുവദിച്ചു.

ആയതിന്റെ ഭരണാനുമതി ലഭിച്ചു. 67 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുന്ന ചങ്കുവെട്ടി, ബിപി അങ്ങാടി സബ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. എടക്കര എഫ്.എച്ച്.സി.-യിൽ ആരംഭിക്കുന്ന 1.27 കോടി രൂപയുടെ പുതിയ കെട്ടിടം, എഫ്.എച്ച്.സി. തെന്നലയിൽ ആരംഭിക്കുന്ന 1.27 കോടി രൂപയുടെ പുതിയ കെട്ടിടം എന്നിവയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. താലൂക്കാശുപത്രി കുറ്റിപ്പുറം, താലൂക്കാസ്ഥാന ആശുപത്രി മലപ്പുറം എന്നിവിടങ്ങളിൽ യഥാക്രമം 1.54 കോടി രൂപ, 1 കോടി രൂപ ചെലവിൽ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

<u>സർക്കാർ മെഡിക്കൽ കോളേജ് മഞ്ചേരി, മലപ്പുറം</u>

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡി.എം.ഇ.-യുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും വിവിധ സർക്കാർ പദ്ധതികൾ പ്രകാരവും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയും ഉപകരണങ്ങൾ വാങ്ങുകയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സേവനം ഉപയോഗപ്പെടുത്തിയും പരിശോധനാ

സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് പരാമാവധി പ്രയോജനകരമാകും വിധം പ്രവർത്തിച്ചുവരുന്നു. ആശുപത്രിയോടനുബന്ധമായി പ്രധാന കെട്ടിടത്തിലെ വിവിധ നിലകളെ ബന്ധിപ്പിച്ചുകൊണ്ട് റാമ്പ് നിർമ്മിക്കുകയും കാഷ്വാലിറ്റി നവീകരണ പ്രവർത്തനങ്ങൾ, ലേബർ റൂം വിപുലീകരണം, എം.ആർ.ഐ. സ്കാനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം, റസിഡന്റ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം, വിവിധ ഐ.സി.യു.-കളുടെ നിർമ്മാണം തുടങ്ങി നിരവധി നിർമ്മാണ പ്രവൃത്തനങ്ങളാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നുവരുന്നത്. ആശുപത്രിയോട് ചേർന്ന് ക്ലിനിക്കൽ ബ്ലോക്ക്, റേഡിയോളജി കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം പി.ഡബ്ല്യൂ.ഡി. ചുമതലയിൽ കണ്ടെത്തിയിട്ടുള്ളതും ആയത് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ 21 ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിച്ചുവരുന്നു. 530 ബെഡ്ഡുകൾ സജ്ജീകരിച്ചിട്ടുണ്ട്.

കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഐ.സി.യു., ഓപ്പറേഷൻ തീയേറ്റർ, ഫാർമസി ബ്ലഡ് ബാങ്ക്, ഇ.സി.ജി. ലാബ്, റേഡിയോ ഡയഗ്നോസിസ് സർവ്വീസ് തുടങ്ങിയവ പ്രവർത്തിക്കുന്നു.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 8 കോടി രൂപ അനുവദിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് ഹൃദയ ചികിത്സ നൽകി വരികയും ചെയ്യുന്നു. ഹൃദ്രോഗബാധിതരായ രോഗികളുടെ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഉതകുന്ന ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചികിത്സ സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയിലെ ഒ.പി. നവീകരണത്തിനും മറ്റ് പ്രവൃത്തികൾക്കുമായി വിവിധ ഘട്ടങ്ങളിലായി 2.85 കോടി രൂപ അനുവദിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇ-ഹെൽത്ത് പദ്ധതിപ്രകാരം ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനുവേണ്ടി കംപ്യൂട്ടറൈസ്ഡ് ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാതൃ-ശിശുസംരക്ഷണം വിപുലീകരിക്കുന്നതിന്റെ

ഭാഗമായി ലേബർ റൂം വിപുലീകരണം, പുതിയ ഐ.സി.യു.-കളുടെ നിർമ്മാണം എന്നിവ നടന്നുവരുന്നു. ഓട്ടിസം അനുബന്ധ അസുഖങ്ങൾ എന്നിവ ബാധിച്ച കുട്ടികളുടെ പ്രത്യേക ചികിത്സയ്ക്കും വ്യക്തിത്വ വികസനത്തിനുമായി ശിശുരോഗ വിഭാഗത്തിനുകീഴിൽ ആവശ്യമായ തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കി ഓട്ടിസം സെന്റർ പ്രവർത്തിച്ചു വരുന്നു. കൂടാതെ രോഗികൾ ആശുപത്രിയിൽ നേരിട്ട് വരാതെ തന്നെ ചികിത്സാ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഇ-സഞ്ജീവനി പദ്ധതി നടപ്പാക്കിവരുന്നു. ജനറൽ ഒ.പി., ഇ.എൻ.ടി. ഒ.പി., നേത്രരോഗ വിഭാഗ ഒ.പി., ത്വക്ക് രോഗ വിഭാഗം എന്നിവയിൽ രോഗികൾക്ക് ഇ-സഞ്ജീവനി സൗകര്യം മികച്ച രീതിയിൽ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നൂതനവും ഫലപ്രദവുമായി മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നാല് ലാപ് ടോപ്പ് ക്യാമറയും മൈക്കും ഹെഡ്സെറ്റും ഉൾപ്പെടെ ഇന്റർനെറ്റ് കണക്ഷനോടുകൂടിയ ഒരു മുറി ഇ-സഞ്ജീവനിക്കായി സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഓങ്കോളജി, നെഫ്രോളജി, ന്യൂറോളജി വിഭാഗങ്ങളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. വൃക്ക രോഗികളുടെ ചികിത്സയ്ക്കായി എട്ട്

ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചുവരുന്നു. മൊബൈൽ ഐ.സി.യു. യൂണിറ്റ്, പെയിൻ ആൻഡ് പാലിയേറ്റീവ് സംവിധാനം എന്നീ സേവനങ്ങളും ഈ സ്ഥാപനത്തിൽ ലഭ്യമാണ്. സർക്കാർ വിവിധ ഇൻഷ്വറൻസി പദ്ധതികളിലൂടെ അർഹരായവർക്ക് വിദഗ്ദ്ധ ചികിത്സ സൗജന്യമായി നൽകിവരുന്നുണ്ട്.

മെഡിക്കൽ കോളേജിൽ MRI മെഷീൻ സ്ഥാപിക്കുന്നതിനായി 7.19 കോടി രൂപ അനുവദിച്ചിട്ടുള്ളതും ആയത് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. മുഖാന്തരം നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് കാഷ്വാലിറ്റി നവീകരിച്ച് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധരായ ഡോക്ടർമാരുടെയും സീനിയർ, ജൂനിയർ റസിഡന്റുമാരുടെയും ഹൗസ് സർജൻമാരുടെയും സേവനം ആശുപത്രിയിൽ പ്രയോജനപ്പെടുത്തിവരുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിനെ പി.ജി. കോളേജായി ഉയർത്തി. 3 ഡിപ്പാർട്ടുമെന്റുകളിലായി 6

പി.ജി. സീറ്റുകൾ തുടങ്ങുന്നതിനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും ലഭ്യമാകുകയും ആയതിന്റെ പ്രവേശന നടപടികൾ പൂർത്തീകരിച്ചു കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ പി.ജി. വിദ്യാർത്ഥികളുടെ സേവനവും ആശുപത്രിയിൽ ഉപയോഗപ്പെടുത്തിവരുന്നു. ജില്ലയിലെ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കാദമിക കെട്ടിടങ്ങൾ കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം ഹോസ്റ്റലുകൾ, ടീച്ചിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്ക് പ്രത്യേകം ക്വാർട്ടേഴ്സുകൾ, ഇന്റേണൽ റോഡ്, ആഡിറ്റോറിയം എന്നീ പ്രവൃത്തികൾ 103.86 കോടി രൂപ ചെലവഴിച്ച് മെസ്സേഴ്സ് കിറ്റ്കോ ചുമതലയിൽ ആരംഭിക്കുകയും ആഡിറ്റോറിയത്തിന്റെ സിവിൽ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ കെട്ടിടങ്ങളുടെയും സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മറ്റ് പ്രവൃത്തികൾ അവസാന ഘട്ടത്തിലുമാണ്. കൂടാതെ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോട് ചേർന്ന് 23.75 കോടി രൂപ ചെലവിൽ പുതുതായി ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ

ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. കൂടാതെ ആശുപത്രിയോട് ചേർന്ന് 60 ലക്ഷം രൂപ ചെലവിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ രണ്ട് നിലകളോടുകൂടിയ കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കുടുംബശ്രീ മുഖാന്തരം പ്രവർത്തിച്ചുവരുന്നു.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും 21.82 ഏക്കർ സ്ഥലത്താണ് നിലവിൽ സ്ഥിതി ചെയ്യുന്നത്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടേയും ആശുപത്രിയുടെയും തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 16-02-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 28/2019/ആ.കു.വ പ്രകാരം ഉത്തരവായിരുന്നു. ടി ഭൂമി ഏറ്റെടുക്കുന്നതിന് കോസ്റ്റ് ഓഫ് അക്വിസിഷനായി നിശ്ചയിച്ച 13.81 കോടി രൂപയുള്ള ഭരണാനുമതി നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി പുതുതായി എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, കാർഡിയോളജി, കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി,

നെഫ്രോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

ഗവ. നേഴ്സിംഗ് കോളേജ്, മഞ്ചേരി, മലപ്പുറം

ഈ സർക്കാരിന്റെ കാലയളവിൽ 2022-ൽ മലപ്പുറം ജില്ലയിൽ പുതിയ സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിച്ചു. 60 സീറ്റുകളോടുകൂടി ബി.എസ്.സി. നേഴ്സിംഗ് കോഴ്സാണ് ഈ കോളേജിൽ നടത്തുന്നത്. ഇതിന്റെ ഭാഗമായി ആദ്യ വർഷ ക്ലാസുകൾ ആരംഭിക്കുന്നതിന് അദ്ധ്യാപക, അനദ്ധ്യാപകരുടെ 18 തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തുകയും ക്ലാസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ആരോഗ്യ വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റിന്റെ കീഴിൽ 60 ബി.എസ്.സി. നേഴ്സിംഗ് സീറ്റോടുകൂടി പുതിയ നേഴ്സിംഗ് കോളേജ് താനൂരിൽ പ്രവർത്തനം ആരംഭിച്ചു.

ആയുഷ് വകുപ്പ്

ഭരതീയ ചികിത്സാ വകുപ്പ്

മലപ്പുറം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 12 സർക്കാർ ആയുർവ്വേദ ആശുപത്രികളും 75 സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികളും ഒരു

സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറിയും ഉൾപ്പെടെ 88 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ആയുർവ്വേദ ഡിസ്പെൻസറികളുടെ 6 സബ്സെന്ററുകളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ട്രൈബൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

ജില്ലയിൽ നിലവിലുള്ള 50 കിടക്കകളോടുകൂടിയ രണ്ട് ആശുപത്രിയും 30 കിടക്കകളോടുകൂടിയ ഒരു ആശുപത്രിയും 20 കിടക്കകളോടുകൂടിയ മൂന്ന് ആശുപത്രിയും 10 കിടക്കകളോടുകൂടിയ 6 ആശുപത്രിയും ഉൾപ്പെടെ 12 ആശുപത്രികളിലായി 250 രോഗികളെ ഒരേ സമയം കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം നിലവിലുണ്ട്. ജില്ലയിൽ എൻ.എച്ച്.എം.-ന്റെ കീഴിൽ 34 ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകളും നാഷണൽ ആയുഷ് മിഷന്റെ കീഴിൽ 2 ഹോളിസ്റ്റിക് സെന്ററുകളും ഒരു യുനാനി ഡിസ്പെൻസറി & തെറാപ്പി യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

വകുപ്പിന്റെ കീഴിൽ 496 തസ്തികകൾ വിവിധ വിഭാഗത്തിലായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലയിൽ നടപ്പാക്കിയിട്ടുള്ള വകുപ്പിലെ വിവിധ

പ്ലാൻ പ്രോജക്ടുകളിലൂടെ 38-ഉം എൻ.എച്ച്.എം. മുഖേന 38-ഉം നാഷണൽ ആയുഷ് മിഷൻ മുഖേന 83 ജീവനക്കാരും സേവനം നടത്തുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ മലപ്പുറം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 8 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ആശുപത്രികളിലൂടെ സ്ഥിരമായി നൽകിവരുന്ന ചികിത്സാ സേവനങ്ങൾക്കുപുറമേ നേത്ര രോഗവുമായി ബന്ധപ്പെട്ട് സ്കൂൾ കുട്ടികൾക്കുള്ള ദൃഷ്ടി, വൃദ്ധജനപരിപാലനവുമായി ബന്ധപ്പെട്ടുള്ള ജീറിയാട്രിക്, കൗമാരക്കാരായ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള കൗമാരഭൃത്യം, മാനസിക രോഗ ചികിത്സയ്ക്കായുള്ള മാനസികം, ഗർഭിണികൾക്കായുള്ള പ്രസൂതിതന്ത്ര, കിടപ്പു രോഗികൾക്കായുള്ള സ്നേഹധാര, കായിക താരങ്ങൾക്കായുള്ള സ്പോർട്സ്, യോഗ, പഞ്ചകർമ്മ എന്നിവ പ്രോജക്ടുകളായി നടപ്പിലാക്കിവരുന്നു. മഞ്ചേരി ഗവൺമെന്റ് ആശുപത്രി കേന്ദ്രീകരിച്ച് നടത്തുന്ന ഗർഭിണികൾക്കായുള്ള പ്രസൂതിതന്ത്ര പദ്ധതിയിലൂടെ പ്രതിവർഷം ശരാശരി 2500 പേർക്ക് സേവനം ലഭ്യമാക്കുന്നുണ്ട്.

ഗവൺമെന്റ് ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആൻഡ് ഹൈജീൻ (GARIM), കോട്ടയ്ക്കലിൽ മാനസിക രോഗ ചികിത്സ, ലഹരിമുക്ത ചികിത്സ, ഭിന്നശേഷിക്കാരായ കുട്ടികളുടെ ചികിത്സ, ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള അനവധ്യ പദ്ധതി, പഠന വൈകല്യങ്ങൾക്കുള്ള ചികിത്സ എന്നിവ നൽകിവരുന്നു.

ജില്ലയിലെ 6 ആയുർവ്വേദ ഡിസ്പെൻസറികളെ എൻ.എ.ബി.എച്ച്. നിലവാരത്തിലേയ്ക്കും 29 സ്ഥാപനങ്ങൾ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായും ഉയർത്തിയിട്ടുണ്ട്.

ജില്ലയിലെ 50 ബെഡ്ഡ് ആശുപത്രിയായ ജില്ലാ ആശുപത്രി വളവന്നൂരിൽ വർഷത്തിൽ ശരാശരി 13725 രോഗികളും 30 ബെഡ്ഡ് ആശുപത്രിയായ സർക്കാർ ആയുർവ്വേദ ആശുപത്രി എടക്കരയിൽ ശരാശരി 4220 രോഗികളും 20 ബെഡ്ഡ് സർക്കാർ ആയുർവ്വേദ ആശുപത്രികളായ പൊന്നാനി-3763, വെളിമുക്ക്-4598, മഞ്ചേരി-3560-ഉം 10 ബെഡ്ഡ് ആശുപത്രികളായ ചേലേമ്പ്ര-1158, മലപ്പുറം-2857, പെരിന്തൽമണ്ണ-1926, തിരുവാലി-1632, തോഴന്നൂർ-1989, വേങ്ങര-2394 രോഗികളാണ് ചികിത്സ തേടിയിട്ടുള്ളത്. ഏഷ്യയിലെ

ഏക സർക്കാർ ആയുർവ്വേദ മാനസികാരോഗ്യ കേന്ദ്രമായ കോട്ടക്കൽ GARIM (50 ബെഡ്)-ൽ 12239 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ആശുപത്രികളിൽ നിന്നായി വർഷത്തിൽ ശരാശരി 54061 പേർക്ക് ചികിത്സ നൽകിവരുന്നു.

ജീവിത ശൈലി രോഗ നിയന്ത്രണത്തിനായി വകുപ്പിനുകീഴിൽ വിവിധ മാനസികം, കൗമാരം, പ്രസൂതി, യോഗ തുടങ്ങിയ വിവിധ പ്ലാൻ പദ്ധതികളും വിദ്യാലയ ആരോഗ്യ പദ്ധതിയായ ദൃഷ്ടി, പാലിയേറ്റീവ് കെയർ പദ്ധതിയായ സ്നേഹധാര, കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്പോർട്സ് യൂണിറ്റ് എന്നിവ ജില്ലയിൽ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

<u>ഹോമിയോപ്പതി വകുപ്പ്</u>

ഹോമിയോപ്പതി വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ 4 ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നു. മലപ്പുറം ജില്ലാ ഹോമിയോ ആശുപത്രിയിൽ 25 ബെഡ്ഡും മഞ്ചേരി താലൂക്ക് സർക്കാർ ഹോമിയോ ആശുപത്രിയിൽ 25 ബെഡ്ഡും വണ്ടൂർ ചേതന സർക്കാർ ഹോമിയോ ആശുപത്രിയിൽ 10 ബെഡ്ഡും (പെയിൻ & പാലിയേറ്റീവ് കെയർ), കുറ്റിപ്പുറം സർക്കാർ ഹോമിയോ

ആശുപത്രിയിൽ 10 ബെഡ്ഡും വീതമാണുള്ളത്. കൂടാതെ 56 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 3 പെരിഫറൽ ഒ.പി.-കളും 36 നാഷണൽ ഹെൽത്ത് മിഷൻ ഡിസ്പെൻസറികളും 4 എസ്.സി. ഹോമിയോ ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾ വഴി മലപ്പുറം ജില്ലയിലെ ജനങ്ങൾക്ക് ഹോമിയോപ്പതി വകുപ്പിന്റെ സേവനം നൽകിവരുന്നു. ജില്ലയിൽ ഹോമിയോപ്പതി വകുപ്പിനുകീഴിൽ അനുവദിച്ചിട്ടുള്ള 249 സ്ഥിരം തസ്തികകൾക്കുപുറമേ എൻ.എച്ച്.എം. മുഖേന 36 -ഉം വകുപ്പിലെ പ്ലാൻ പദ്ധതി പ്രകാരം 6-ഉം നാഷണൽ ആയുഷ് മിഷൻ മുഖേന 57 ജീവനക്കാരും സേവനം നടത്തി വരുന്നുണ്ട്.

മലപ്പുറം ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാതിരുന്ന 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 11 മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഈ വർഷം ആരംഭിച്ചു. നാഷണൽ ആയുഷ് മിഷൻ മുഖേന ഈ സ്ഥാപനങ്ങളിൽ 11 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതോടെ മലപ്പുറം ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും ഹോമിയോപ്പതി വകുപ്പിന്റെ സേവനം ലഭ്യമാക്കി.

മലപ്പുറം ജില്ലയിൽ ഹോമിയോപ്പതി വകുപ്പിന്റെ വാർഷിക പദ്ധതികളായ ജനനി, ആയുഷ്മാൻ ഭവ, സീതാലയം, സദ്ഗമയ എന്നീ പ്രോജക്ടുകൾക്കുപുറമേ ആസ്മ, അലർജി ക്ലിനിക്, തൈറോയിഡ് ക്ലിനിക്, റുമാറ്റിക് ക്ലിനിക്, പുനർജനി ഒ.പി. എന്നീ സ്പെഷ്യൽ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

വണ്ടൂർ 'ചേതന പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിൽ ' Hi-Tech-pay wards, physiotherapy, ICU എന്നീ അത്യാധുനിക സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നാഷണൽ ആയുഷ് മിഷൻ മുഖേന ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ 19 ഹോമിയോ ഡിസ്പെൻസറികൾ NAM മുഖേന ആയുഷ് വെൽനസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. നാല് സ്ഥാപനങ്ങൾ NABH നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. നാഷണൽ ആയുഷ് മിഷൻ മുഖേന യോഗാ ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുള്ളതും യോഗ പരിശീലനവും നൽകിവരുന്നതുമാണ്.

ഇത് കൂടാതെ തൈറോയിഡ്, ആസ്മ, റുമാറ്റിക് എന്നിവയുടെ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും രണ്ട് ആശുപത്രികളിലായി ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ആയുർവ്വേദ ചികിത്സാ രംഗത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മലപ്പുറം ജില്ലയിൽനിന്ന് പ്രത്യേകിച്ചും വരുന്ന ആയിരക്കണക്കിന് രോഗികൾക്ക് മികച്ച ചികിത്സയും സേവനവും നൽകി വരുന്ന ആശുപത്രികളിലൊന്നാണ് കേരള ആയുർവ്വേദ പഠന ഗവേഷണ സൊസൈറ്റിക്ക് കീഴിലുള്ള വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ കോളേജ് ആശുപത്രി. മലപ്പുറം ജില്ലയിൽ കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന വൈദ്യരത്നം പി.എസ്. വാര്യർ കോളേജും പതിനാല് വകുപ്പുകളിലായി 200-ലധികം രോഗികൾക്ക് കിടത്തി ചികിത്സയ്ക്ക് സൗകര്യമുള്ള ആശുപത്രിയിൽ പ്രതിദിനം ആയിരത്തിലധികം രോഗികൾ ചികിത്സ തേടിവരുന്നുണ്ട്. ആയുർവ്വേദ വൈദ്യ ശാസ്ത്ര രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ

കോളേജിൽ ബിരുദ ബിരുദാനന്തര ഡിപ്ലോമ വിഭാഗങ്ങളിലായി 425 മെഡിക്കൽ വിദ്യാർത്ഥികൾ പഠിച്ച് വരുന്നു.

മലപ്പുറം ജില്ലയുടെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിനും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിരവധിയായ പ്രവർത്തനങ്ങൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആരോഗ്യ മേഖലയിൽ ജില്ലയിലുണ്ടാകുന്ന എല്ലാ വിഷയങ്ങളിലും അപ്പപ്പോൾ തന്നെ ഇടപെട്ട് പരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലയിലെ ഏതെങ്കിലും ആരോഗ്യ സ്ഥാപനങ്ങളിലെ ഏതെങ്കിലും തസ്തികകളിൽ ഒഴിവുകളുണ്ടാകുമ്പോൾ അത്തരം ഒഴിവുകൾ മൂലമുണ്ടാകുന്ന പ്രയാസങ്ങൾ രോഗികളെ ദോഷകരമായി ബാധിക്കാതിരിക്കാൻ താൽക്കാലിക ക്രമീകരണങ്ങൾ അതത് സമയങ്ങളിൽ തന്നെ ഇടപെട്ട് നടത്താറുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുള്ള തസ്തികകളിൽ യഥാസമയം തന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയും സ്ഥാനക്കയറ്റം വഴി നികത്തേണ്ടവ അപ്രകാരവും ഏതെങ്കിലും ഒഴിവുകളുണ്ടാകുമ്പോൾ അവ നികത്തപ്പെടുന്നതുവരെ

അഡ്ഹോക്ക് നിയമനവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനവും നടത്തിവരുന്നുണ്ട്.

മലപ്പുറം ജില്ലയോട് അവഗണന കാണിക്കുന്നുവെന്ന പരാമർശം അടിസ്ഥാനരഹിതമാണ്. ജില്ലയുടെ ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ പ്രത്യേകത കണക്കിലെടുത്ത് ആരോഗ്യമേഖലയുടെ വികസനത്തിന് വലിയ പ്രാധാന്യവും പരിഗണനയുമാണ് ഈ സർക്കാർ നൽകിവരുന്നത്.